/

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2335 | 15/07/2011-ൽ മറുപടിക്ക്

## ഒറ്റപ്പാലം കസ്തൂർബാ ബാലിക സദന്റെ വാർഷിക ഗ്രാന്റ്

**ചോദ്യം**

ശ്രീ. എം. ഹംസ:

**ഉത്തരം**

ശ്രീ. എ.പി. അനിൽ കുമാർ
(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കഴിഞ്ഞ സർക്കാർ പട്ടിക ജാതി വികസന വകുപ്പിനു കീഴിലുള്ള ഒറ്റപ്പാലം കസ്തൂർബാ ബാലിക സദന്റെ വാർഷിക ഗ്രാന്റ് എത്രയാണ് വർദ്ധിപ്പിച്ചത്; വിശദാംശം ലഭ്യമാക്കുമോ; | (എ) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള എല്ലാ സബ്സിഡൈസ്ഡ് ഹോസ്റ്റലുകളിലെയും (ഒറ്റപ്പാലം കസ്തൂർബാ ബാലിക സദൻ ഉൾപ്പെടെ) അന്തേവാസികൾക്ക് നൽകി വരുന്ന പ്രതിമാസ ബോർഡിംഗ് ഗ്രാന്റ് 300/- രൂപയിൽ നിന്നും 500/- രൂപയായും പ്രതിവർഷ യൂണിഫോം അലവൻസ് 300/- രൂപയിൽ നിന്നും 500/- രൂപയായും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വർദ്ധിപ്പിച്ചിട്ടുണ്ട്. 19/07/2010-ലെ സ.ഉ.(സാധാ)നം. 730/2010/ പജപവവിവ പ്രകാരമാണ് സബ്സിഡൈസ്ഡ് ഹോസ്റ്റലുകളിലെ പ്രതിമാസ ബോർഡിംഗ് ഗ്രാന്റും, യൂണിഫോം അലവൻസും വർദ്ധിപ്പിച്ചിട്ടുള്ളത്. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |
| (ബി) പ്രസ്തുത ഹോസ്റ്റലിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

......(2)

| | |
|---|---|
| (സി) 1/4/2011 മുതൽ 30/3/2011 വരെ പ്രസ്തുത സ്ഥാപനത്തിന് സർക്കാർ നൽകിയ ഗ്രാന്റിന്റെയും വർദ്ധിപ്പിച്ച അനുബന്ധ സൗകര്യങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ? | (സി) സബ്സിഡൈസ്ഡ് ഹോസ്റ്റലുകൾക്ക് ഗ്രാന്റ് അനുവദിച്ചുനൽകുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ്. ഒറ്റപ്പാലം നഗരസഭാ കാര്യാലയത്തിൽ നിന്ന് 1/1/2011 മുതൽ 30/3/2011 വരെ പ്രസ്തുത സ്ഥാപനത്തിന് ഗ്രാന്റിനത്തിൽ 51,500/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഹോസ്റ്റലുകളിലെ അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നത് സ്ഥാപന ഉടമകളാണ്. |

സെക്ഷൻ ആഫീസർ

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന സബ്സിഡൈസ്ഡ് ഹോസ്റ്റലുകളിലെ ബോർഡിംഗ് ഗ്രാന്റും, യൂണിഫോം അലവൻസും വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ(സാധാ.)നം. 730/2010/പജ.പവ.വിവ. തീയതി, തിരുവനന്തപുരം, 19/07/2010

---

പരാമർശം:-(1) സ.ഉ.(സാധാ) നം. 481/96/പജപവവിവ തീയതി 30/11/1996.

(2) സ.ഉ.(സാധാ)നം. 802/2000/പജപവവിവ തീയതി 08/12/2000.

(3) പട്ടികജാതി വികസന വകുപ്പു ഡയറക്ടറുടെ 02/01/2010, 28/04/2010, തീയതികളിലെ ഡി9-15463/2009 നമ്പർ കത്തുകൾ.

## ഉത്തരവ്

മുകളിൽ ഒന്നാമതായി പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരം സന്നദ്ധ സംഘടനകൾ നടത്തുന്ന പട്ടികജാതി വികസന വകുപ്പിന്റെ അംഗീകാരമുള്ള സബ്സിഡൈസ്ഡ് ഹോസ്റ്റലുകളിൽ വസ്ത്രവിതരണത്തിനുള്ള അലവൻസ് 300/- രൂപയായും, രണ്ടാമതായി പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരം ബോർഡിംഗ് ഗ്രാന്റ് 300/- രൂപയായും നിശ്ചയിച്ചിരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് കണക്കിലെടുത്ത് നിലവിൽ നൽകിവരുന്ന ബോർഡിംഗ് ഗ്രാന്റ്, യൂണിഫോം അലവൻസ് എന്നിവ അപര്യാപ്തമാണെന്നും, ആയതിനാൽ അവ വർദ്ധിപ്പിക്കണമെന്നും പരാമർശത്തിലെ കത്തുകൾ പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സന്നദ്ധ സംഘടനകൾ നടത്തുന്ന പട്ടികജാതി വികസന വകുപ്പിന്റെ അംഗീകാരമുള്ള സബ്സിഡൈസ്ഡ് ഹോസ്റ്റലുകളിലെ ബോർഡിംഗ് ഗ്രാന്റ് പ്രതിമാസം 500/- രൂപയായും, യൂണിഫോം അലവൻസ് പ്രതിവർഷം 500/- രൂപയായും വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

.....(2)

(3) ഇതിനാവശ്യമായ തുക "2225-01-277-92-ബോർഡിംഗ് ഗ്രാന്റ് (പ്ലാൻ), "2225-01-277-96-വസ്ത്രവിതരണം (നോൺപ്ലാൻ)" എന്നീ ശീർഷകങ്ങളിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഇ. അംബിക അമ്മ**

അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (03/07/2010-ലെ 40840/WW2/10/ധന പ്രകാരം).
കരുതൽ ഫയൽ / വെബ്സൈറ്റ് / ഓഫീസ് കോപ്പി

പകർപ്പ്: പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രിയുടെ പി.എസിന്
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എച്ച്
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എച്ച്

ഉത്തരവിൻ പ്രകാരം

Sd/-

സെക്ഷൻ ഓഫീസർ